മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ്

30(*630) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ഇ-ഗവേണൻസ് പദ്ധതികൾ അവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മുകളിൽ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളും 'Fully Automated Services in Transport Department (FAST) പദ്ധതി പ്രകാരം' കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ സേവനങ്ങളും കാര്യക്ഷമതയോടുകൂടിയും സുതാര്യതയോടുകൂടിയും നൽകുവാൻ സാധിക്കുന്നു.

മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ അപേക്ഷ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം, നൽകിയ അപേക്ഷയുടെ സ്ഥിതി വിവരം, ലൈസൻസ്, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാണ്.

എസ്.എം.എസ്. മുഖാന്തിരം അപേക്ഷകളുടെ സ്ഥിതി വിവരവും രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ വിവരങ്ങൾ, ഫാൻസി നമ്പറുകളുടെ ലഭ്യത, പുതിയ വാഹനങ്ങൾക്ക് അനുവദിച്ച രജിസ്ട്രേഷൻ നമ്പരുകൾ എന്നിവ അറിയുവാൻ സാധിക്കുന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഫീസും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ വാഹന നികുതിയും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റുവഴി അടയ്ക്കുവാനായി ഇ-പേമെന്റ് സംവിധാനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തുടങ്ങിയ ബാങ്കുകളിലൂടെ നടപ്പിൽ വന്നുകഴിഞ്ഞു. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ വാഹന നികുതിയും ഇത്തരത്തിൽ അടയ്ക്കുന്നതിനുള്ള സംവിധാനം താമസിയാതെ നിലവിൽ വരും. ഇതുവഴി പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെതന്നെ ഫീസും നികുതിയും അടയ്ക്കുവാൻ സാധിക്കുന്നതാണ്.

ഓൺലൈൻ വഴി നൽകുന്ന സേവനങ്ങൾ:- മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റായ www.mvd.kerala.gov.in-ലൂടെ പൊതുജനങ്ങൾക്ക് തെരഞ്ഞെടുത്ത ചില സേവനങ്ങൾ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷാ ഫോറങ്ങളും ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യവും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ഒറ്റ സന്ദർശനത്തിൽ തന്നെ നൽകുവാൻവേണ്ടി ആവിഷ്കരിച്ച നൂതന പദ്ധതിയാണ് അതിവേഗ (Fast Track) കൗണ്ടറുകൾ. എല്ലാ ആർ.ടി. ഓഫീസുകളിലും സബ് ആർ.ടി. ഓഫീസുകളിലും ഏക സന്ദർശന തീർപ്പാക്കൽ രീതിയിൽ തെരഞ്ഞെടുത്ത സേവനങ്ങൾ ഈ കൗണ്ടറുകളിലൂടെ ലഭ്യമാണ്. അപേക്ഷകൻ നേരിൽ വന്നാൽ മാത്രമേ ഈ സേവനങ്ങൾ നൽകുകയുള്ളൂ. ഇതുവഴി ഇടനിലക്കാരെ ഒഴിവാക്കാൻ കഴിയുന്നതാണ്. ഈ സേവനങ്ങൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും മോട്ടോർ വാഹന വകുപ്പ് ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു.

ഡ്രൈവർ പരിശീലന കേന്ദ്രം :- മലപ്പുറം ജില്ലയിലെ എടപ്പാളിൽ കേന്ദ്ര സഹായത്തോടെ ഒരു ഡ്രൈവർ പരിശീലന കേന്ദ്രം സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഡ്രൈവർമാരെ റോഡ് സുരക്ഷയെക്കുറിച്ച് കൂടുതൽ ബോധവൽക്കരിക്കുകയും മെച്ചപ്പെട്ട തുടർപരിശീലനം നൽകുവാനും ടി സ്ഥാപനം വഴി സാധിക്കുന്നതാണ്.

ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ :- നിലവിൽ നടക്കുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനായി കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ചേവായൂർ, കണ്ണൂർ-എളയാവൂർ, തിരുവനന്തപുരം-പാറശ്ശാല എന്നീ സ്ഥലങ്ങളിൽ കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിച്ചു പ്രവർത്തിപ്പിക്കുന്നുണ്ട്. മുവാറ്റുപുഴ-ആരക്കുഴ, തിരുവനന്തപുരം - മുട്ടത്തറ, കോട്ടയം-മോനിപ്പള്ളി എന്നിവിടങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

അക്ഷയകേന്ദ്രങ്ങൾ വഴി അപേക്ഷ:- മോട്ടോർ വാഹന വകുപ്പിന്റെ ചില സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വാഹന പരിശോധനാകേന്ദ്രങ്ങൾ: വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രം സ്ഥാപിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട് ചേവായൂർ, കണ്ണൂർ-എളയാവൂർ, തിരുവനന്തപുരം-പാറശ്ശാല എന്നീ സ്ഥലങ്ങളിൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂവാറ്റുപുഴ-ആരക്കുഴ, തിരുവനന്തപുരം-മുട്ടത്തറ, കോട്ടയം-മോനിപ്പള്ളി എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഇ-പേമെന്റ് നടപ്പാക്കാനായി 2014-ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13-3-2015-ലെ ജി.ഒ. (പി) നമ്പർ 15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 1975-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾക്ക് പ്ലാൻഫണ്ട് അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി അവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദുരിതാശ്വാസ ധനസഹായ വിതരണം

I(5579) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ, അപകടമരണ ധനസഹായങ്ങൾ വിതരണം ചെയ്യുമ്പോൾ എം.എൽ.എ.-മാരെ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എം.എൽ.എ.-മാർ, എം.പി.മാർ തുടങ്ങിയ ജനപ്രതിനിധികളെ അവഹേളിക്കുന്ന തരത്തിൽ ഇവരെ ഒഴിവാക്കി ധനസഹായങ്ങൾ വിതരണം ചെയ്യുന്നതിനായി നൽകിയിട്ടുള്ള നിർദ്ദേശം പിൻവലിക്കുന്നതിനും, ഇവരെക്കൂടി ഉൾപ്പെടുത്തി ധനസഹായം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുമായി നിർദ്ദേശം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായത്തിൽ 50,000 (അമ്പതിനായിരം രൂപ) രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന കേസുകളിൽ ധനസഹായം ബന്ധപ്പെട്ട എം.എൽ.എ./എം.പി.-മാർ മുഖാന്തരം വിതരണം ചെയ്താൽ മതിയെന്ന് 28-11-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 6769/2012/ദവ പ്രകാരം ഉത്തരവിട്ടിരുന്നു. ഇപ്രകാരം ജനപ്രതിനിധികളുടെ സൗകര്യം